**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2932** **18-03-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളാലുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗാക്രമണം മൂലം കൃഷിനാശം സംഭവിച്ച പ്രധാന കാർഷിക വിളകൾക്ക് ഹെക്ടറിന് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നല്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | വിശദമാക്കാം. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പെയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നത്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ (കൈ) നം. 2/2015/വനം ഉത്തരവിൽ പറയും പ്രകാരം 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം അനുവദിച്ചു വരുന്നുണ്ട്. 05-04-2018-ലെ സ.ഉ (കൈ)നം.17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ)യാണ് ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നത്. ഒരു വർഷം 4 തവണ വരെ ഇപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് ഒരു വ്യക്തിക്ക് അർഹതയുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/ വനം തീയതി 08.01.2015 പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു. കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| കൃഷി | നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|
| നെല്ല്  (ഹെക്ടറിന്) | 11000 |
| തെങ്ങ് (കായ്ക്കുന്നത് എണ്ണത്തിന്) | 770 |
| തെങ്ങ് (കായ്ക്കാത്തത് എണ്ണത്തിന്) | 385 |
| തെങ്ങ് (ഒരു വർഷത്തിന് താഴെയുള്ളത് എണ്ണത്തിന്) | 110 |
| വാഴ (കുലച്ചത് എണ്ണത്തിന്) | 110 |
| വാഴ (കുലയ്ക്കാത്തത് എണ്ണത്തിന്) | 83 |
| റബ്ബർ (വെട്ടുന്നത് എണ്ണത്തിന്) | 330 |
| റബ്ബർ (വെട്ടാത്തത് എണ്ണത്തിന്) | 220 |
| കശുമാവ് (കായ്ക്കുന്നത് എണ്ണത്തിന്) | 165 |
| കശുമാവ് (കായ്ക്കാത്തതും 3 വർഷത്തിനു മേൽ പ്രായമുള്ളവ എണ്ണത്തിന്) | 110 |
| കമുക് (കായ്ക്കുന്നത് എണ്ണത്തിന്) | 165 |
| കമുക് (കായ്ക്കാത്തത് എണ്ണത്തിന്) | 110 |
| കൊക്കൊ (കായ്ക്കുന്നത് എണ്ണത്തിന്) | 110 |
| കാപ്പി (ചെടി എണ്ണത്തിന്) | 110 |
| കുരുമുളക് (കായ്ക്കുന്നത് എണ്ണത്തിന്) | 83 |
| ഇഞ്ചി (10 സെന്റിന്) | 165 |
| മഞ്ഞൾ (10 സെന്റിന്) | 132 |
| മരച്ചീനി (2 മാസത്തിനു മേൽ പ്രായമുള്ളവ എണ്ണത്തിന്) | 165 |

| | |
|---|---|
| കപ്പലണ്ടി (1 ഹെക്ടറിന് ) | 2200 |
| എള്ള് (50 സെന്റിന്) | 1320 |
| പച്ചക്കറികൾ (10 സെന്റിന്) | 220 |
| ജാതി (കായ്ക്കുന്നത് എണ്ണത്തിന്) | 440 |
| ജാതി (കായ്ക്കാത്തത് എണ്ണത്തിന്) | 165 |
| ഗ്രാമ്പ് (കായ്ക്കുന്നത് എണ്ണത്തിന്) | 220 |
| ഗ്രാമ്പ് (കായ്ക്കാത്തത് എണ്ണത്തിന്) | 110 |
| ഏലയ്ക്ക (ഹെക്ടർ ഒന്നിന്) | 2750 |
| വെറ്റില (സെന്റ് ഒന്നിന്) | 330 |
| പയറ് വർഗ്ഗങ്ങൾ (ഹെക്ടർ ഒന്നിന്) | 1100 |
| കിഴങ്ങ് വർഗ്ഗങ്ങൾ (10 സെന്റിന്) | 165 |
| കരിമ്പ് (ഹെക്ടർ ഒന്നിന്) | 2750 |
| കൈതച്ചക്ക (10 സെന്റിന്) | 825 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 165 |
| മൽബറി (50 സെന്റിന്) | 825 |
| പുകയില (10 സെന്റിന്) | 1650 |
| പരുത്തി (10 സെന്റിന്) | 330 |